**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** | **23-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ നിയമനത്തിനായി 063/2024, 064/2024 എന്നീ കാറ്റഗറി നമ്പറുകൾ പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കാത്തതിന്റെ കാരണം എന്താണെന്നും ഈ നിയമനത്തിന് എന്തെങ്കിലും തരത്തിലുള്ള നിയമ തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കാമോ; | (എ) | മുൻ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്തിരുന്ന വിവിധ കേസുകളിന്മേൽ (608/2021 & Connected case) ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, 08.12.2025 -ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിൽ WP(C) No. 26491/2017-ലും, ബന്ധപ്പെട്ട കേസുകളിലും ബഹു. ഹൈക്കോടതി 12.07.2022 തീയതിയിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ അന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാർ വിലയിരുത്തേണ്ടതുണ്ടെന്നും, കൂടാതെ സഹകരണ സംഘം രജിസ്ട്രാർ കണ്ടെത്തുന്ന ഒഴിവുകളിൽ മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ക്ലർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ബാങ്ക് സ്വീകരിക്കേണ്ടതാണെന്നുമാണ് പ്രസ്തുത കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | മേൽപ്പറഞ്ഞ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കോടതിയുടെ അന്തിമ വിധിയിൽ നിഷ്കർഷിച്ച പ്രകാരം സഹകരണ രജിസ്ട്രാറുടെ റിപ്പോർട്ട് വന്നതിനു ശേഷം ഈ റാങ്ക് ലിസ്റ്റിൽ നിന്നു നിയമനം നടക്കുന്നതിന് മറ്റു നിയമ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്തിരുന്ന വിവിധ കേസുകളിന്മേൽ (608/2021 & Connected case) ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, 08.12.2025 -ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിൽ WP(C) No. 26491/2017-ലും, ബന്ധപ്പെട്ട കേസുകളിലും ബഹു. ഹൈക്കോടതി 12.07.2022 തീയതിയിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ അന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാർ വിലയിരുത്തേണ്ടതുണ്ടെന്നും, കൂടാതെ സഹകരണ സംഘം രജിസ്ട്രാർ കണ്ടെത്തുന്ന ഒഴിവുകളിൽ മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ക്ലർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ബാങ്ക് സ്വീകരിക്കേണ്ടതാണെന്നുമാണ് പ്രസ്തുത കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | 2024 നവംബർ 16 ന ശേഷം കേരള ബാങ്കിൽ ക്ലർക്ക്/ ക്യാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും 2024 നവംബർ മുതൽ 2025 ജനുവരി 31 വരെ ഈ തസ്തികയിൽ വിരമിക്കൽ മുഖേന | (സി) | 2024 നവംബർ 16 മുതൽ 31.01.2026 വരെ കേരള ബാങ്കിൽ ക്ലർക്ക്/ ക്യാഷ്യർ തസ്തികയിൽ 18 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 2024 നവംബർ മുതൽ 2025 ജനുവരി 31 വരെ വിരമിക്കൽ ഒഴിവുകൾ ഇല്ല. 2024 നവംബർ 16 ന ശേഷം കേരള ബാങ്കിൽ ക്ലർക്ക്/ക്യാഷ്യർ തസ്തികയിൽ 18 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ട 11 ഒഴിവുകൾ ഉണ്ട് ഒരോ മാസത്തേയും കണക്ക് തിരിച്ച് ചുവടെ ചേർക്കുന്നു. |

എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും 2024 നവംബർ 16 മുതൽ 2026 ജനുവരി വരെ പ്രസ്തുത തസ്തികയിൽ നിന്നും ഉണ്ടായ വിരമിക്കൽ ഒഴിവുകൾ എത്രയാണെന്നും (ഓരോ മാസത്തെയും കണക്ക് തിരിച്ച്) ഈ ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ എത്രയാണെന്നും വിശദമാക്കാമോ;

| കാലയളവ് | പി.എസ്.സി വഴി നികത്തേണ്ടത് | പ്രൊമോഷൻ വഴി നികത്തേണ്ടത് | ആകെ |
|---|---|---|---|
| 11/2024 | - | - | - |
| 12/2024 | - | - | - |
| 01/2025 | - | - | - |
| 2/2025 | 2 | - | 2 |
| 3/2025 | 1 | - | 1 |
| 4/2025 | 2 | 1 | 3 |
| 5/2025 | 5 | 6 | 11 |
| 9/2025 | 1 | - | 1 |
| 10/2025 | - | - | - |
| 11/2025 | - | - | - |
| 12/2025 | - | - | - |
| 01/2026 | - | - | - |
| ആകെ | 11 | 7 | 18 |

(ഡി) 2024 നവംബർ 16 ന ശേഷം കേരള ബാങ്ക് ക്ലർക്ക്/ ക്യാഷ്യർ തസ്തികയിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) 2024 നവംബർ 16 ന ശേഷം കേരള ബാങ്ക് ക്ലർക്ക്/ ക്യാഷ്യർ തസ്തികയിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

മുൻ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്തിരുന്ന വിവിധ കേസുകളിന്മേൽ (608/2021 & Connected case) ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, 08.12.2025-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിൽ WP(C) No. 26491/2017-ലും, ബന്ധപ്പെട്ട കേസുകളിലും ബഹു. ഹൈക്കോടതി 12.07.2022 തീയതിയിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ അന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാർ വിലയിരുത്തേണ്ടതുണ്ടെന്നും, സഹകരണ സംഘം രജിസ്ട്രാർ കണ്ടെത്തുന്ന ഒഴിവുകളിൽ മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ക്ലർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ബാങ്ക് സ്വീകരിക്കേണ്ടതാണെന്നുമാണ് പ്രസ്തുത കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ബഹു.ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലാണ് ടി കാലയളവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിന് കഴിയാതിരുന്നത്.

(ഇ) 2024 നവംബർ 16 ന ശേഷം കേരള ബാങ്കിൽ ക്ലർക്ക്/ ക്യാഷ്യർ തസ്തികയിൽ നിന്നും എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും ഇത്തരത്തിൽ പ്രൊമോഷൻ

(ഇ) 215 ഒഴിവുകൾ ഉണ്ടായിട്ടുള്ളതിൽ 101 (91+10) പേർക്ക് പ്രമോഷൻ/ആശ്രിത നിയമനം നൽകിയിട്ടുണ്ട്. 114 ഒഴിവുകൾ റിക്രൂട്ട്മെന്റ് റൂളിലെ അനുപാത പ്രകാരം PSC മുഖേന നികത്തുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. മുൻ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന വിവിധ കേസുകളിലെ വിധിയിന്മേൽ ബാങ്ക് അപ്പീൽ ഫയൽ

| | | | |
|---|---|---|---|
| | നൽകിയത് മുഖേന എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തപ്പെട്ടിട്ടുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | | ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത കേസ് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്നതിനാലാണ് ടി കാലയളവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിന് കഴിയാതിരുന്നത്. |

സെക്ഷൻ ഓഫീസർ